ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന് അനുവദിച്ച തസ്തികകൾ

78 (1830) ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ കാലയളവിൽ (2001-2006) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ എത്ര തസ്തികകൾ അനുവദിച്ചെന്ന് തരംതിരിച്ച് കണക്കുകൾ വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിൽ എത്ര തസ്തികകൾ അനുവദിച്ചുവെന്ന് തരംതിരിച്ച് കണക്കുകൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി)

സ്റ്റേഷൻ ഓഫീസർ	13
അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ	13
ലീഡിംഗ് ഫയർമാൻ	33
ഡ്രൈവർ മെക്കാനിക്	13
ഫയർമാൻ ഡ്രൈവർ	65
ഫയർമാൻ	222
സീനിയർ സൂപ്രണ്ട്	2
എൽ.ഡി. ക്ലാർക്ക്	20
എൽ.ഡി. ടൈപ്പിസ്റ്റ്	14
പ്യൂൺ	2
പാർട്ട് ടൈം സ്വീപ്പർ	7
ആകെ	404

ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ പ്രവർത്തനങ്ങൾക്കായി വാങ്ങിയ ഉപകരണങ്ങൾ

79 (1831) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-2006 കാലയളവിൽ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ പ്രവർത്തനങ്ങൾക്കായി എത്ര രൂപയുടെ എന്തെല്ലാം ഉപകരണങ്ങളാണ് വാങ്ങിയതെന്ന് വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഫയർ ആന്റ് റെസ്ക്യൂ സർവ്വീസിന്റെ പ്രവർത്തനങ്ങൾക്കായി എത്ര രൂപയുടെ എന്തെല്ലാം ഉപകരണങ്ങൾ വാങ്ങിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 23,38,21,744 രൂപയ്ക്ക് അനുബന്ധം-1-ൽ പറയുന്ന വാഹനങ്ങളും ഉപകരണങ്ങളും വാങ്ങിയിട്ടുണ്ട്.*

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാട്ടർ ടെണ്ടർ, മിനിവാട്ടർ ടെണ്ടർ, അണ്ടർ വാട്ടർ ബി.എ.സെറ്റ്, ബി.എ സെറ്റ്, ഡ്രൈവിംഗ് സ്യൂട്ട്, ഫയർ എൻട്രി സ്യൂട്ട്, വെൽ ലിഫ്റ്റ്, മോഡേൺ ബ്രാഞ്ച് പൈപ്പ്, റോപ്പ് ലാഡർ, ചെയിൻസാ, ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസ്, ഇൻഫ്ലാറ്റബിൾ പമ്പ്, ഫോം കോമ്പൗണ്ട്, ജീപ്പ്, ആംബുലൻസ്, ബാറ്ററി, ടയറുകൾ, റെയിൻകോട്ട്, ഹെൽമെറ്റ്, ഡെലിവറി ഹോസ് എന്നിവ 13,02,96,197 രൂപയ്ക്ക് വാങ്ങുകയുണ്ടായി. നടപ്പുവർഷം ആധുനിക വാഹനങ്ങളും ഉപകരണങ്ങളും ലഭ്യമാക്കുന്നതിന് 9.30 കോടി രൂപ പ്ലാൻ സ്കീമിൽ ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അനുബന്ധം-2-ൽ പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വൺടൈം സെൻട്രൽ അസിസ്റ്റൻസായി 22.50 കോടി രൂപ ഈ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ടി തുക ഉപയോഗിച്ച് അനുബന്ധം-3-ൽ പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് അനുബന്ധം-4-ൽ പറയുന്ന ആധുനിക വാഹനങ്ങളും ഉപകരണങ്ങളും വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ പ്രവർത്തനങ്ങൾ പരിഷ്കരിക്കുന്നതിന് നടപടി

80 (1812) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഫയർ ആന്റ് റെസ്ക്യൂ സർവീസ് ഫോഴ്സിന് ആധുനിക ഉപകരണങ്ങളും മതിയായ വാഹനസൗകര്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ :

(ബി) എങ്കിൽ ഇതിനായി എന്തു തുക അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഉപകരണങ്ങളാണ് വാങ്ങിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ :

(സി) സംസ്ഥാനത്ത് കൂടുതൽ ഫയർ ആന്റ് റെസ്ക്യൂ സർവീസ് സ്റ്റേഷനുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly